LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ലോക പരിസ്ഥിതി ദിനത്തിൽ കൃഷി വകുപ്പിന്റെ കീഴിൽ പ്രത്യേകമായി പ്രവർത്തനങ്ങളൊന്നും നടത്തിയിട്ടില്ല.

(ബി) കൃഷിവകുപ്പുമുഖേന കാർഷിക മേഖലയിൽ ആധുനിക കാർഷിക സങ്കേതങ്ങൾ പരിചയപ്പെടുത്തുന്നതിനും അത് വ്യാപിപ്പിക്കുന്നതിനുമായി 2012-13 സാമ്പത്തിക വർഷംമുതൽ ഹൈടെക് അഗ്രികൾച്ചർ എന്ന പദ്ധതി നടപ്പാക്കി വരികയാണ്. കൃഷിഭൂമിയുടെ വിസ്തൃതി ഓരോ വർഷവും കുറഞ്ഞുവരുന്ന കേരളം പോലുള്ള സംസ്ഥാനത്ത് കൃഷി ചെയ്യുന്ന സ്ഥലത്തുനിന്നും പരമാവധി ഉൽപ്പാദനം ലഭിക്കുകയെന്നതാണ് ഇതിലൂടെ ലക്ഷ്യമിടുന്നത്. ഇതിന് സഹായിക്കുന്ന പോളിഹൗസ് കൃഷിക്ക് പോളിഹൗസ് നിർമ്മിക്കുന്നതിനുള്ള ചെലവിന്റെ 75% (ഒരു ചതുരശ്രമീറ്ററിന് 935 രൂപ ചെലവ് കണക്കാക്കിക്കൊണ്ട്) ധനസഹായമായി നൽകുന്നു. പച്ചക്കറി വിളകൾ, പുഷ്പകൃഷി എന്നിവയാണ് പ്രധാനമായും പോളിഹൗസിൽ കൃഷി ചെയ്യുന്നത്.

2014-15 സാമ്പത്തിക വർഷംമുതൽ പച്ചക്കറി കൃഷി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി ഹൈടെക്ക് കൃഷി രീതികളായ റെയിൻ ഷെൽട്ടർ (മഴമറ), ഫെർട്ടിഗേഷൻ എന്നീ നൂതന കാർഷിക രീതികൾക്കും ധനസഹായം നൽകി വരുന്നു. സൂക്ഷ്മ ജലസേചനവും ആ ജലത്തിലൂടെ വളപ്രയോഗവും ഒരുമിച്ച് പ്രാവർത്തികമാക്കുന്ന സംവിധാനമാണ് ഫെർട്ടിഗേഷൻ. കൂടാതെ പരീക്ഷണാർത്ഥം പച്ചക്കറികളുടെ ഹൈബ്രിഡ് വിത്തുകൾ കൃഷിചെയ്ത് അതിന്റെ ഉൽപ്പാദനക്ഷമത നാടൻ വിത്തുകളുമായി താരതമ്യ പഠനം നടത്തുന്നതിനും കർഷകരെ നേരിട്ട് ബോധ്യപ്പെടുത്തുന്നതിനുമുള്ള ട്രയൽ രീതിയും നടപ്പിലാക്കിവരുന്നു.

നവീന കൃഷിരീതികൾ

138 (1507) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) നവീന കൃഷിരീതികൾ പ്രോത്സാഹിപ്പിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ;

(ബി) നവീന കൃഷിരീതികൾ വികസിപ്പിക്കുന്നതിന് കാർഷിക സർവ്വകലാശാല പരിപാടികൾ നടപ്പിലാക്കുന്നുണ്ടോ ; വിശദമാക്കുമോ ;

(സി) നവീന കൃഷിരീതികളുമായി ബന്ധപ്പെട്ട് ആവശ്യമായ സാങ്കേതിക സൗകര്യ വികസനത്തിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) നവീന കൃഷി രീതികൾ പ്രോത്സാഹിപ്പിക്കുന്നതിന് 2015-16 -ൽ കൃഷി വകുപ്പ് നടപ്പാക്കുന്ന പച്ചക്കറി വികസന പദ്ധതിയിൽ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അതനുസരിച്ച് താഴെ വിശദമാക്കുന്ന നവീന കൃഷി രീതികൾ പ്രോത്സാഹിപ്പിക്കുന്നതിന് ധനസഹായം നൽകിവരുന്നു.

1. മഴമറകൾ മുഖേനയുള്ള പച്ചക്കറി കൃഷി :

കാലാവസ്ഥാ വ്യതിയാനത്തിന്റെ ദോഷഫലങ്ങൾ ബാധിക്കാതെ എല്ലാ കാലത്തും വിജയകരമായി പച്ചക്കറി കൃഷി നടപ്പിലാക്കാൻ മഴമറകൾ ഉപയോഗിച്ചു വരുന്നു. അധികമായ വേനലോ, മഴയോ മഴമറകൾക്കുള്ളിലെ കൃഷിയെ ബാധിക്കാത്തതിനാൽ എല്ലാ കാലത്തും സുരക്ഷിതമായി വിളവെടുക്കാൻ കഴിയുന്നു. 100 ചതുരശ്ര മീറ്റർ വിസ്തീർണ്ണമുള്ള മഴമറകൾ സ്ഥാപിക്കുന്നതിന് 67,000 രൂപയാണ് ചെലവ് പ്രതീക്ഷിക്കുന്നത്. കൃഷി വകുപ്പ് സഹായധനമായി 50,000 രൂപ നൽകുന്നു. സംസ്ഥാനത്തൊട്ടാകെ 800 മഴമറകൾ സ്ഥാപിക്കുന്നതിന് 400 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

2. വളപ്രയോഗത്തോടുകൂടിയ സൂക്ഷ്മജലസേചനം :

വളപ്രയോഗം കൂടി ഉൾപ്പെടുത്തി പച്ചക്കറിക്ക് സൂക്ഷ്മ ജലസേചന സൗകര്യം ലഭ്യമാക്കാൻ ധനസഹായം നൽകുന്നുണ്ട്. 50 സെന്റ് സ്ഥലത്ത് വളപ്രയോഗം ഉൾപ്പെടെയുള്ള സൂക്ഷ്മ ജലസേചന പദ്ധതി പ്രകാരം പച്ചക്കറി കൃഷി ചെയ്യുന്നതിന് 30,000 രൂപയാണ് സഹായം നൽകുന്നത്. സംസ്ഥാനത്ത് 50 സെന്റിൽ 1400 പച്ചക്കറി പ്ലോട്ടുകൾ നടപ്പിലാക്കുന്നതിനും 420 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ഈ രണ്ടു ഘടകങ്ങളും നടപ്പിലാക്കുവാനുള്ള പ്രവർത്തന നിർദ്ദേശങ്ങളും ആവശ്യമായ തുകയും എല്ലാ ജില്ലകൾക്കും നൽകിക്കഴിഞ്ഞു. ഗുണഭോക്താക്കളെ കണ്ടെത്താനും പദ്ധതി നടപ്പിലാക്കുവാനുമുള്ള പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു.

(ബി) പുതിയ സാങ്കേതികവിദ്യകൾ കൂട്ടിച്ചേർത്ത് കൃഷിയിടങ്ങളിൽ പരിക്ഷണം നടത്തി സർവ്വകലാശാലയുടെ "വിളകളുടെ പാക്കേജ് ഓഫ് പ്രാക്ടീസ്" ൽ ഉൾക്കൊള്ളിച്ച് അത് ഏവർക്കും ലഭ്യമാകത്തക്കവണ്ണം പ്രസിദ്ധീകരിക്കുകയും മാതൃകാ തോട്ടങ്ങൾവഴി അവ പ്രദർശിപ്പിക്കുകയും ചെയ്യുന്നുണ്ട്. കൂടാതെ ഇത്

LIBRARY ARCHIVES Kerala Legislative Assembly

സംബന്ധിച്ച് ശിൽപ്പശാലകൾ നടത്തുകയും കൃഷി വിജ്ഞാനകേന്ദ്രങ്ങൾ മുഖേന എല്ലായിടത്തും എത്തിക്കുകയും ചെയ്യുന്നുണ്ട്. ഇതിനുപുറമേ കൃഷി വകുപ്പ് മുഖേന കൃഷിക്കാരിലേക്കും എത്തിക്കുന്നു. വിത്ത്, നടീൽവസ്തുക്കൾ കേരളത്തിലുടനീളം സർവ്വകലാശാലയുടെ വിവിധ കേന്ദ്രങ്ങളിൽ ലഭ്യമാക്കുന്നു.

(സി) നവീന കൃഷിരീതികളുമായി ബന്ധപ്പെട്ട് സാങ്കേതിക സൗകര്യങ്ങളുടെ വികസനത്തിന് നടപടി സ്വീകരിച്ചുവരുന്നുണ്ട്.

റൈസ് ബയോപാർക്ക്

139 (1508) ശ്രീ. കെ. വി. അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) സംസ്ഥാനത്ത് എവിടെയെല്ലാമാണ് റൈസ് ബയോപാർക്ക് സ്ഥാപിക്കപ്പെടുമെന്ന് പ്രഖ്യാപിച്ചിട്ടുള്ളത് ; ഇവിടങ്ങളിൽ അവ സ്ഥാപിക്കപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ അവ നടത്തിവരുന്ന പ്രവർത്തനങ്ങളെ സംബന്ധിച്ച് വിശദമാക്കാമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് കുട്ടനാടും പാലക്കാടുമാണ് റൈസ് ബയോപാർക്ക് സ്ഥാപിക്കുന്നതിന് തീരുമാനിച്ചിട്ടുള്ളത്.

പാലക്കാട് ജില്ലയിലെ തൃത്താല മണ്ഡലത്തിലെ ആനക്കര പഞ്ചായത്തിൽ റൈസ് ബയോ പാർക്ക് സ്ഥാപിക്കുന്നതിന് സ്ഥല പരിശോധന നടത്തി പ്രാരംഭ നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) ബയോപാർക്ക് സ്ഥാപിക്കുന്നതിന് ബഡ്ജറ്റിൽ തുക വകകൊള്ളിച്ചിട്ടില്ലാത്തതിനാൽ, റൈസ് ബയോപാർക്ക് സ്ഥാപിക്കുന്നതിനുള്ള നടപടികൾ പ്രാരംഭഘട്ടത്തിലാണ്.

കൃഷി നശിക്കുന്നവർക്കുള്ള നഷ്ടപരിഹാരം

140 (1509) ശ്രീ. സാജു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) പ്രകൃതി ക്ഷോഭത്തിൽ കൃഷി നശിക്കുന്നവർക്ക് നൽകുന്ന നഷ്ടപരിഹാരത്തുക വെട്ടിക്കുറച്ചിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly